## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 297 — 28.06.2011-ൽ മറുപടിയ്ക്ക്

### കാർഷിക മേഖലയുടെ വികസനത്തിനായി 11 കെ. വി. ലൈനും ട്രാൻസ്ഫോമറും.

**ചോദ്യം**

ശ്രീ. പി. എ. മാധവൻ :

(എ) മണലൂർ നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയുടെ വികസനത്തിനായി കേച്ചേരി ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ കാണ്ടാണിശ്ശേരി ഗ്രാമ പഞ്ചായത്തിൽ വാക, കാക്കതിരുത്തി മേഖലയിൽ 11 കെ. വി ലൈനും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻെറ എസ്റ്റിമേറ്റ് തുക എത്രയെന്നും പദ്ധതി ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ ;

(സി) പാവപ്പെട്ട കർഷകരെ സഹായിക്കുവാൻ കെ. എസ്. ഇ. ബി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിൻെറ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) & (ബി) 6.78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പിന്നീട് ലേബർ ഡേറ്റ പുതുക്കിയതിനാൽ എസ്റ്റിമേറ്റ് തുക 7.25 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തി ബോർഡിൻെറ വോൾട്ടേജ് ഇംപ്രൂവ്മെൻറ്, സിസ്റ്റം ഇംപ്രൂവ്മെൻറ് എന്നി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കഴിയില്ല. എം. പി ഫണ്ട്, എം. എൽ. എ ഫണ്ട്, കേരള വികസന ഫണ്ട്, മറ്റു ഫണ്ടുകൾ എന്നിവയിൽ ഏതിൽ നിന്നെങ്കിലും ഈ പ്രവൃത്തിക്കുവേണ്ട തുക ഒടുക്കുകയാണെങ്കിൽ പ്രസ്തുത പ്രവൃത്തി ചെയ്തു തീർക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.